**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4012** **28-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം ഹൊസങ്കടിയിലെ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മഞ്ചേശ്വരം ഹൊസങ്കടിയിൽ ഓവർസീസ് കേരളൈറ്റ്സ് ഇൻവസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് കമ്പനിയ്ക്ക് നിർമ്മാണ പരിപാലന ചുമതലയുള്ള റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | **മഞ്ചേശ്വരം ഹൊസങ്കടിയിൽ റെസ്റ്റ് സ്റ്റോപ് -ന്റെ പദ്ധതി ഇല്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ ഈ പദ്ധതിയിൽ ഒ.കെ.ഐ.എച്ച്.എൽ -ന്റെ ഉടമസ്ഥതയിലേക്ക് ഭൂമി മാറ്റാനുള്ള സർക്കാർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | റെസ്റ്റ് സ്റ്റോപ് പ്രോജക്ടിൽ ഇന്റർനാഷണൽ നിലവാരത്തിലുള്ള ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റപണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. |
| (സി) | പ്രസ്തുത പദ്ധതി കൊണ്ടുള്ള ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കുമോ; | (സി) | ആദ്യ റെസ്റ്റ് സ്റ്റോപ് പദ്ധതി തലപ്പാടിയിൽ പ്രവർത്തനസജ്ജമാവുന്നതോടുകൂടി വഴിയാത്രക്കാർക്കും തദ്ദേശവാസികൾക്കും 50,000sq.ft-ൽ പാർക്കിംഗ് സൗകര്യങ്ങളോടുകൂടി വഴിയോര വിശ്രമത്തിനായി ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുവാൻ കഴിയും. കൂടാതെ തിരികെയെത്തിയ പ്രവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെടും. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ടെണ്ടർ, നിർവ്വഹണ രീതി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (ഡി) | ഈ പദ്ധതിയുടെ ടെൻഡർ നിർവഹിക്കുന്നത് സർക്കാരിന്റെ e-tendering പോർട്ടൽ വഴിയാണ്. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സർക്കാർ ഭൂമിയാണ് ഉപയോഗപ്പെടുത്തുന്നതെന്നും പ്രസ്തുത ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ? | (ഇ) | **റെസ്റ്റ് സ്റ്റോപ് പ്രോജക്ടിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ ടാക്സസ് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 9 ഏക്കർ ഭൂമിയിൽ നിന്നും 5.5 ഏക്കർ ഭൂമി ഒ.കെ.ഐ.എച്ച്.എൽ -ന്റെ ഉടമസ്ഥതയിലേക്ക് മാറ്റാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ